പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4304

03.02.2014 ലെ മറുപടിയ്ക്ക്

## കിറ്റ്സിനെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ.മാധവൻ<br>ശ്രീ.റ്റി.എൻ പ്രതാപൻ<br>ശ്രീ. ആർ സെൽവരാജ്<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
| എ) വിനോദസഞ്ചാര പരിശീലനത്തിനും മാനവശേഷി വികസനത്തിനും ഉള്ള മികവിന്റെ കേന്ദ്രമാക്കി കിറ്റ്സിനെ ഉയർത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | എ) 2012 ലെ സംസ്ഥാന ടൂറിസം നയത്തിൽ കിറ്റ്സിനെ മാനവശേഷി വികസനത്തിനുള്ള മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട് |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | ബി) കിറ്റ്സിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുക വഴി താഴെ പറയുന്നവ കൈവരിക്കാൻ ലക്ഷ്യമിടുന്നു.<br>1. അന്തർദേശീയ നിലവാരമുള്ള കോഴ്സുകൾ നടത്തുക<br>2. അന്തർദേശീയ സർട്ടിഫിക്കേഷൻ ഉറപ്പാക്കുന്ന പരിശീലന പരിപാടികൾ സംഘടിപ്പിക്കുക<br>3. അന്തർദേശീയ തലത്തിൽ ഗവേഷണ-പഠന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക<br>4. അന്തർദേശീയസ്ഥാപനങ്ങളുമായി പഠന-ഗവേഷണ-പരിശീലന പരിപാടികളിൽ സഹകരിച്ച് പ്രവർത്തിക്കുക<br>5. കേരള സർവ്വകലാശാലയുടെ അംഗീകാരത്തോടുകൂടി ടൂറിസം ഗവേഷണകേന്ദ്രം ആരംഭിക്കുക<br>6. ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് ദേശീയതലത്തിൽ പരിശീലന-പഠന-ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രത്യേക കേന്ദ്രം ആരംഭിക്കുക<br>7. ഇക്കോടൂറിസം പഠന-ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക പഠനകേന്ദ്രം ആരംഭിക്കുക<br>8. ടൂറിസം മാനേജ്മെന്റിൽ ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം നടത്തുക<br>9. ടൂറിസം കൺസൾട്ടൻസി സൗകര്യം വികസിപ്പിക്കുക |

10. മെച്ചപ്പെട്ട അടിസ്ഥാന സൗകര്യം ഒരുക്കുക
11. തൊഴിൽ വൈദഗ്ധ്യ പരിശീലന പരിപാടി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളാ അക്കാദമി ഓഫ് സ്കിൽ ആന്റ് എക്സലൻസുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.

| | |
|---|---|
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ;<br><br>(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) യും (ഡി) യും കിറ്റ്സിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന്റെ ഭാഗമായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് UNWTO യുമായി ബന്ധപ്പെട്ട യോഗ്യരായ ഏജൻസികളെ ലഭിക്കുന്നതിനുള്ള സാധ്യത ആരാഞ്ഞുകൊണ്ട് UNWTO യ്ക്ക് കത്ത് നൽകിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി AICTE മാനദണ്ഡമനുസരിച്ച് പ്രത്യേക അക്കാദമിക് ബ്ലോക്ക് സജ്ജമാക്കി. 69 പെൺകുട്ടികൾക്ക് താമസിക്കാൻ സൗകര്യമൊരുക്കുന്ന ഹോസ്റ്റൽ സമുച്ചയം പൂർത്തിയാക്കി. വിവരസാങ്കേതിക വിദ്യ, പഠന-ഗവേഷണത്തിൽ കാര്യക്ഷമമായി ഉപയോഗിക്കുന്നതിനായി സ്മാർട്ട് ക്ലാസ് റൂം, വൈഫൈ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്താനുള്ള നടപടികൾ പൂർത്തിയായി. CRS,SPSS പാക്കേജുകൾ ഉൾപ്പെടുത്തി ലബോറട്ടറി സൗകര്യം മെച്ചപ്പെടുത്തി. UNWTO യുടെ അഫിലിയേറ്റഡ് മെമ്പർഷിപ്പ് കിറ്റ്സിന് ലഭിച്ചു. UNWTO യുടെ ഓൺലൈൻ ലൈബ്രറി സൗകര്യം ലഭ്യമാക്കി. UNWTO യുടെ നോളഡ്ജ് നെറ്റ്‌വർക്കിൽ പങ്കാളിത്തം നേടി. കോമൺവെൽത്ത് ഫെലോഷിപ്പോടുകൂടി ലീഡ്സ് യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ റെസ്പോൺസിബിൾ ടൂറിസത്തിൽ എം.എസ്.സി. പ്രോഗ്രാം ആരംഭിക്കുന്നതിനുള്ള പദ്ധതിയുടെ ഒന്നാം ഘട്ടം ആയ കോമൺവെൽത്തിന്റെ സ്ക്രീനിംഗ് വിജയകരമായി പൂർത്തിയാക്കി. അയാട്ടയുടെ ഡിസ്റ്റൻസ് ലേണിംഗ് സെന്റർ ആയി അംഗീകാരം നേടി. അയാട്ട കോഴ്സ് തിരുവനന്തപുരം, എറണാകുളം, തലശ്ശേരി കേന്ദ്രങ്ങളിൽ നടത്തുന്നതിനുള്ള നടപടികൾകൈക്കൊണ്ടു. ഗുണമേന്മ ഉറപ്പാക്കുന്നതിന്റെ ഭാഗമായി IS/ISO 9001 : 2008 കരസ്ഥമാക്കി. ഫാക്കൽറ്റിക്ക് പരിശീലന പരിപാടികൾ ലഭ്യമാക്കി. ഇംഗ്ലണ്ട് ആസ്ഥാനമായ ICRTC യുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള ധാരണാപത്രം തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ